(എ) കണ്ണൂർ മുനിസിപ്പാലിറ്റിയിലെ ജവനക്കാരനായിരുന്ന പള്ളിപ്പാത്ത് അബ്ദുള്ളയുടെ കുടുംബ പെൻഷൻ ലഭിക്കുന്നതിന് പരേതന്റെ വിധവ അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചതെന്നറിയിക്കുമോ;

(ബി) ഇതിൻ പ്രകാരം പരേതന്റെ ഭാര്യക്ക് പെൻഷൻ ലഭ്യമാക്കിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അടിയന്തിരമായി ലഭ്യമാക്കുന്നതിന് അധികൃതർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 26-7-1999-ൽ അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത അപേക്ഷ പൂർണ്ണമായിരുന്നില്ല.

(ബി) ഇല്ല.

(സി) ആവശ്യമായ എല്ലാ രേഖകളും ലഭിക്കാത്തതിനാലാണ് കുടുംബ പെൻഷൻ അനുവദിക്കാൻ സാധിക്കാത്തത്. മുനിസിപ്പൽ ഭരണ ഡയറക്ടറാണ് പെൻഷൻ അനുവദിക്കുന്നതിനുള്ള അധികാരി. അപേക്ഷകയുടെ കുടുംബ പെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ മുനിസിപ്പൽ ഭരണഡയറക്ടറുടെ ആഫീസിൽ സ്വീകരിച്ചുവരുന്നു.

126 (706) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

എം.പി.

ശ്രീ. എ.പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് പഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേററിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിശ്ചിത പ്രൊഫോമയിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഡെപ്യൂട്ടി ഡയറക്ടർമുഖേന പ്രൊപ്പോസൽ സമർപ്പിക്കുവാൻ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

127 (707) മലപ്പുറം ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റേ ചെയ്ത പ്രവർത്തനങ്ങൾ

ശ്രീ. പി.കെ.അബ്ദുറബ്ബ് :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. സി. റ്റി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിന്റെ ഏതൊക്കെ പ്രവർത്തനങ്ങളും പരിപാടികളും കഴിഞ്ഞ രണ്ടു വർഷത്തിനിട

LIBRARY ARCHIVES Kerala Legislative Assembly

യിൽ സർക്കാർ സ്റ്റേ ചെയ്തുവെന്ന് ഉത്തരവ് നമ്പറും തീയതിയും സഹിതം വിശദീകരിക്കുമോ;

(ബി) നന്നമ്പ്ര പഞ്ചായത്തിന്റെ ഏതൊക്കെ പ്രവർത്തനങ്ങളും പരിപാടികളും സർക്കാർ സ്റ്റേ ചെയ്തെന്ന് വിശദീകരിക്കുമോ;

(സി) മലപ്പുറം മുനിസിപ്പാലിറ്റിയുടെ ഏതൊക്കെ പദ്ധതികളും പരിപാടികളും പ്രസ്തുത കാലയളവിൽ സർക്കാർ സ്റ്റേ ചെയ്തു;

(ഡി) മലപ്പുറം ജില്ലയിലെ മറ്റ് ഏതൊക്കെ ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പ്രവർത്തനങ്ങളും പരിപാടികളും സർക്കാർ സ്റ്റേ ചെയ്തുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിലെ 3/257-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ടയർ റീട്രേയിഡിംഗ് യൂണിറ്റിന്റെ ലൈസൻസ് സംബന്ധിച്ച് പഞ്ചായത്ത് തീരുമാനം സർക്കാരിന്റെ 27.7.99-ലെ 33312/എം3/99/ത.ഭ.വ. പ്രകാരം സ്റ്റേ ചെയ്തിരുന്നു. ടി. ഗ്രാമപഞ്ചായത്തിൽ റീസർവ്വേ 332/4-ൽ മൽസ്യമാർക്കറ്റ് തുടങ്ങുന്നതിന് ശ്രീ. പി.കെ. ഉസ്മാൻ ഹാജിക്ക് നൽകിയ ലൈസൻസ് സർക്കാരിന്റെ 30.8.99 ലെ സ.ഉ.2597/99/ത.ഭ.വ. പ്രകാരം സ്റ്റേ ചെയ്തു.

(ബി) നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ റീ സർവ്വേ 215/1 ൽപ്പെട്ട പുറംപോക്ക് ഭൂമിയിൽ നന്നംമ്പ്ര ഗ്രാമപഞ്ചായത്ത് നടത്തി വന്നിരുന്ന കൊടിത്തി ശുദ്ധജലവിതരണം ജെ.ആർ.വൈ. 97-98 ൽ ഉൾപ്പെടുത്തിയ എരുംകുളം ഓപ്പൺ കിണർ നിർമ്മാണ പദ്ധതി, എരുംകുളം-ചക്കംകുളം റോഡ് ടാറിംഗ് പ്രവൃത്തി, മൃഗാശുപത്രി കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികൾ 16.12.99-ലെ 22982/സി1/98/തസ്വഭവ.നമ്പർ കത്തിലൂടെ സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) മലപ്പുറം മുനിസിപ്പാലിറ്റിയുടെ താഴെപ്പറയുന്ന പരിപാടികൾ സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ട്;

(1) നഗരസഭ വക സ്ഥലത്ത് ബങ്കുകൾ സ്ഥാപിക്കുന്നതിന് കൗൺസിൽ അനുമതി നൽകിയതിനെതിരെ 24.6.93-ലെ 26380/ബി1/99/തഭവ. നമ്പർ സ്റ്റേ ഉത്തരവ്.

(2) സ്പെഷ്യൽ കൗൺസിലറായ ശ്രീ. പരി നജീബിനെ നിയമിച്ചു കൊണ്ടുള്ള തീരുമാനം 15.1.98-ലെ 1032/സി1/98/തഭവ.നമ്പർ പ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട്.

(3) മലപ്പുറം സർക്കാർ ആശുപത്രിക്ക് മുന്നിൽ നിർമ്മിച്ച വെയിറ്റിംഗ് ഷെഡ് കം കംഫർട്ട് സ്റ്റേഷൻ നിർമ്മാണം പൊളിച്ചുമാറ്റാനുള്ള കൗൺസിൽ തീരുമാനം 25.6.98-ലെ 26600/തി4/98/തഭവ.നമ്പർ കത്ത് പ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട്.

(4) വനിതാ വ്യവസായ വികസന കേന്ദ്രത്തിലേക്ക് സാധനങ്ങൾ വാങ്ങാനുള്ള നിർദ്ദേശത്തിൽ നടപടിക്രമനമ്പരുള്ളതായി പ്രഥമദൃഷ്ട്യാ സർക്കാരിന് ബോധ്യം വന്നതനുസരിച്ച് കൗൺസിൽ തീരുമാനം നടപ്പാക്കുന്നത് 18.10.99-ലെ 43328/ബി3/99/തഭവ നമ്പർ കത്ത് പ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട്.

(ഡി) മലപ്പുറം ജില്ലയിലെ മലപ്പുറം മുനിസിപ്പാലിറ്റി ഒഴികെയുള്ള മറ്റു നാലു നഗരസഭകളിൽ സർക്കാർ സ്റ്റേ ചെയ്ത കേസുകൾ നിലവിലില്ല. ഗ്രാമപഞ്ചായത്തുകളിലെ വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly